**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2339** **13-09-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാത്ത ആരോഗ്യ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ കോളേജിന് കീഴിൽ പ്രവൃത്തിക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാത്തതുമായ ആരോഗ്യ സ്ഥാപനങ്ങൾക്ക് പണം ചെലവഴിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകാനുമതി നൽകിയിട്ടുണ്ടോ; | (എ) | **മെഡിക്കൽ കോളേജിന് കീഴിൽ പ്രവർത്തിക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാത്തതുമായ ആരോഗ്യ സ്ഥാപനങ്ങൾക്ക് പണം ചെലവഴിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകാനുമതി നൽകിയിട്ടില്ല.** |
| (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിന് കീഴിലുള്ള ചെറൂപ്പ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (ബി) | കോഴിക്കോട് കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിലെ മാവൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചെറൂപ്പ സാമൂഹിക ആരോഗ്യകേന്ദ്രം കോഴിക്കോട് മെഡിക്കൽ കോളേജിന്റെ റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ ആണ്. കൂടാതെ ചെറൂപ്പ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ അക്കാഡമിക്ക് നിയന്ത്രണം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ നിലനിർത്തിക്കൊണ്ട് ഭരണ നിയന്ത്രണം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കൈമാറുന്നതിനും, ചെറൂപ്പ സാമൂഹികാരോഗ്യ കേന്ദ്രത്തിനെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ഈ ആശുപത്രിയിൽ ഹൗസ് സർജൻ മുഖേന അത്യാഹിത വിഭാഗത്തിന്റെ സേവനം 24 മണിക്കൂറും നൽകി വന്നിരുന്നു. എന്നാൽ മെഡിക്കൽ ഓഫീസറുടെ സാന്നിദ്ധ്യമില്ലാതെ ഹൗസ് സർജൻമാരെ ഡ്യൂട്ടിക്ക് നിയോഗിക്കാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ പ്രസ്തുത സേവനം ഉച്ചവരെയാക്കി പരിമിതപ്പെടുത്തിയിരുന്നു. തുടർന്ന് ദേശീയ ആരോഗ്യ ദൗത്യത്തിന് (NHM) നിന്നും ഒരു മെഡിക്കൽ ഓഫീസറെയും മെഡിക്കൽ കോളേജിൽ നിന്നും 2 ഹൗസ് സർജന്മാരെയും നിയോഗിച്ചുകൊണ്ട് ഒ.പി-യുടെയും ആശുപത്രിയുടെയും പ്രവർത്തനം വൈകുന്നേരം 6 മണി വരെയാക്കി ദീർഘിപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ആശുപത്രിയിൽ പി.ജി. വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിനായി നിർമ്മിച്ച കെട്ടിടങ്ങൾ | (സി) | ഹൗസ് സർജന്മാർക്ക് താമസിച്ച് പഠിക്കുന്നതിനായി ഒരു ക്വാർട്ടേഴ്സ് ചെറൂപ്പ സാമൂഹിക ആരോഗ്യ |

| | | | |
|---|---|---|---|
| | ഉപയോഗശൂന്യമായി പോകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | കേന്ദ്രത്തിലുണ്ട്. ആശുപത്രിയുടെ പ്രവർത്തനം നിലവിൽ വൈകുന്നേരം 6 മണി വരെയായതിനാൽ ഹൗസ് സർജൻമാർ ക്വാർട്ടേഴ്സിൽ താമസിക്കേണ്ട സാഹചര്യം നിലവിലില്ല. എന്നിരുന്നാലും പ്രസ്തുത ക്വാർട്ടേഴ്സ് ക്ലീനിംഗ് സ്റ്റാഫിനെ ഉപയോഗിച്ച് കൃത്യമായി പരിപാലിച്ച് സംരക്ഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ